LIBRARY ARCHIVES Kerala Legislative Assembly

ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

14 (*164) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീവണ്ടി യാത്രകളിൽ നടക്കുന്ന അതിക്രമങ്ങളും മോഷണം , പിടിച്ചുപറി തുടങ്ങിയവ തടയുന്നതിനും നിലവിലുള്ള സംവിധാനങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടോ; ആയത് വിശദമാക്കുമോ ;

(ബി) റയിൽവേ സംരക്ഷണ സേനയ്ക്ക് കുറ്റകൃത്യങ്ങൾ തടയുന്നതിനും നടപടി സ്വീകരിക്കുന്നതിനും നിലവിലെ സംവിധാനത്തിൽ പരിമിതികളുണ്ടെന്നുള്ള ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഇല്ല. നിലവിലുള്ള ഉദ്യോഗസ്ഥരെ പരമാവധി വിനിയോഗപ്പെടുത്തി പോലീസ് പട്രോളിംഗ് ശക്തമാക്കിയും രഹസ്യവിവരങ്ങൾ സ്വീകരിച്ചും കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. റെയിൽവെയുടെ അനുവാദവും തീരുമാനവും ലഭിച്ചാൽ, എല്ലാ ട്രെയിനുകളിലും മുഴുവൻ സമയം പട്രോളിംഗും മറ്റും നടത്തുന്നതിനും റെയിൽവെ പോലീസിന്റെ അംഗബലവും ആയുധബലവും വർദ്ധിപ്പിച്ച് ആധുനിക സാങ്കേതിക ഉപകരണങ്ങൾ നൽകി ട്രെയിൻ യാത്രക്കാരുടെ സുരക്ഷ കൂടുതൽ ഉറപ്പിക്കാൻ സാധിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് തീവണ്ടികളിൽ നടന്ന പിടിച്ചുപറിയുമായി ബന്ധപ്പെട്ട് 27 കേസ്സുകളിലായി 26 പേരെ അറസ്റ്റുചെയ്യുകയും, അതിൽ 5 പേർ ശിക്ഷിക്കപ്പെടുകയും, തീവണ്ടികളിൽ നടന്ന മോഷണവുമായി ബന്ധപ്പെട്ട് 1031 കേസ്സുകളിലായി 613 പേരെ അറസ്റ്റ ചെയ്യുകയും അതിൽ 189 പേർ ശിക്ഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

സംയോജിത ചെക്ക്പോസ്റ്റ്

15 (*165) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ചെക്ക്പോസ്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ അമരവിളയിൽ സംയോജിത ഇൻ, ഔട്ട് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം 1-9-2011-ൽ ആരംഭിച്ചു. വാഹന പരിശോധനയ്ക്കുള്ള സൗകര്യാർത്ഥം സംയോജിത ഔട്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം 27-11-2012- മുതൽ അമരവിള ടോൾ ജംഗ്ഷനിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, ചരക്ക് വാഹനങ്ങൾ വിവിധ സ്ഥലങ്ങളിൽ നിർത്തിയിടുന്നത് ഒഴിവാക്കി സംയുക്ത പരിശോധനയിലൂടെ അന്തർ സംസ്ഥാന ചരക്ക് നീക്കം സുഗമവും വേഗത്തിലുമാക്കുക, ചരക്ക് വാഹനങ്ങളുടെ നിർത്തിയിടൽമൂലമുണ്ടാകുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കുക തുടങ്ങിയവയാണ് സംയോജിത ചെക്ക്പോസ്റ്റുകളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ. സംയുക്ത പരിശോധനയിലൂടെ വിവിധ വകുപ്പുകളുടെ പരിശോധന ഒരേ സമയം നടക്കുമെന്നുള്ളതിനാൽ പരിശോധന സമയം കാര്യമായി കുറയുകയും ആയതിനെ തുടർന്ന് വാഹനങ്ങൾ വേഗത്തിൽ കടത്തിവിടുന്നതിന് സാധ്യമാവുകയും ചെയ്യും. കേന്ദ്രീകൃത പരിശോധനയ്ക്കായി അത്യാധുനിക സംവിധാനങ്ങളും പ്രയോഗത്തിൽ കൊണ്ടുവരാൻ സാധിക്കും.

(സി) വാളയാർ, മുത്തങ്ങ, ബംഗ്രമഞ്ചേശ്വരം, വഴിക്കടവ്, ആര്യങ്കാവ് എന്നീ പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ബംഗ്രമഞ്ചേശ്വരത്ത് ഇതിനായി 9.33 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇവിടെ സംയോജിത ചെക്ക്പോസ്റ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാറ്റ്പാക്കിനെക്കൊണ്ട് പഠനം നടത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഒരു ഗവൺമെന്റ് അംഗീകൃത ഏജൻസി മുഖാന്തിരം നാറ്റ്പാക്കിനെ കൺസൾട്ടൻസിയായി അംഗീകരിച്ച് ഒരു മാർഗ്ഗ ദർശക പദ്ധതിയായി നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു. വാളയാറിൽ സംയോജിത ഇൻ ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി കണ്ടെത്തിയ 12.49 ഹെക്ടർ സ്ഥലം പാരിസ്ഥിതിക ആഘാതമുള്ളതാണെന്ന് നിയമസഭ പരിസ്ഥിതി സമിതി കണ്ടെത്തിയിട്ടുള്ളതിനാൽ മറ്റൊരു സ്ഥലം കണ്ടെത്തി ആയത് വാണിജ്യ നികുതി വകുപ്പിന് കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വാണിജ്യ നികുതി വകുപ്പിന്റെ കൈവശത്തിലുള്ള വാളയാർ ഔട്ട് ചെക്ക്പോസ്റ്റിലെ 1.3 ഏക്കർ സ്ഥലത്ത് ചെക്ക്പോസ്റ്റ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മുത്തങ്ങയിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി 7.96 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 7,27,60,000 രൂപ അനുവദിച്ചിട്ടുണ്ട്. ആര്യങ്കാവിൽ സംയോജിത ചെക്ക്പോസ്റ്റിനുവേണ്ടി തെന്മലയിലെ വനഭൂമി ഏറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ നിലവിലെ ചെക്ക്പോസ്റ്റ് വിപുലീകരിച്ച് സംയോജിത ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലെ ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റ് ആക്കുന്നതിലേയ്ക്ക് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വഴിക്കടവിൽ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ വനഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly